# സംഗമത്തിൽ പരമാത്മാവും ആത്മാക്കളുമായുള്ള വിചിത്രമായ മിലനം

ഇന്ന് അനേക പ്രാവശ്യം മിലനം ചെയ്ത സിക്കിലധേ കുട്ടികൾ വീണ്ടും മിലനം ആഘോഷിക്കുവാൻ വേണ്ടി വന്നിരിക്കുന്നു. ബാബയും അതേ തിരിച്ചറിവിലൂടെ കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയാണ്, കുട്ടികളും അനേക പ്രാവശ്യം മിലനം ചെയ്തിട്ടുള്ള സ്മൃതിയിലൂടെ മിലനം ആഘോഷിച്ചുകൊണ്ടിരിക്കുന്നു. ഇത് ആത്മാവും പരമാത്മാവായ ബാബയുമായുള്ള വിചിത്രമായ മിലനമാണ്. അനേക പ്രാവശ്യത്തെ മിലനത്തിന് ശേഷം വീണ്ടും മിലനം ചെയ്യാൻ വന്നിരിക്കുന്നുവെന്ന സ്മൃതിയിലൂടെ, മുഴുവൻ കല്പത്തിലും ഒരാത്മാവും മിലനം ചെയ്യുന്നില്ല. സമയത്തിനനുസരിച്ച് ധർമ്മാത്മാക്കൾ വന്നിട്ടുണ്ടെങ്കിലും, അവർ തന്റെ ശിഷ്യൻമാരെ മുകളിൽ നിന്നും താഴേയ്ക്ക് കൊണ്ടു വന്നു എന്നാൽ ധർമ്മപിതാക്കൻമാരും, അനേക കല്പത്തിന് ശേഷം വീണ്ടും മിലനം ചെയ്തു കൊണ്ടിരിക്കുന്നുവെന്ന സ്മൃതിയിലല്ല മിലനം ചെയ്യുന്നത്. ഈ സ്പഷ്ടമായ സ്മൃതിയോടെ പരമാത്മാവുമായല്ലാതെ മറ്റൊരാത്മാവുമായും മിലനം ചെയ്യാൻ സാധിക്കില്ല. ഈ കല്പത്തിൽ ആദ്യത്തെ പ്രാവശ്യമാണ് മിലനം ആഘോഷിക്കുന്നതെങ്കിലും മിലനം ചെയ്തപ്പോൾ തന്നെ പഴയ സ്മൃതി, പഴയ തിരിച്ചറിവ് ഏതെല്ലാമാണോ ആത്മാക്കളിൽ സംസ്ക്കാരത്തിന്റെ രൂപത്തിൽ റെക്കോഡായി അടങ്ങിയിരിക്കുന്നത്- അത് പ്രത്യക്ഷത്തിൽ വരുന്നു, ഹൃദയത്തിൽ നിന്നും ഇതേ സ്മൃതിയുടെ ശബ്ദം മുഴങ്ങുന്നു- ഇത് എന്റെ അതേ അച്ഛനാണ്. കുട്ടികൾ പറയുന്നു- അങ്ങ് എന്റേതാണ്, ബാബ പറയുന്നു- നിങ്ങൾ എന്റേതാണ്. എന്റെ എന്ന സങ്കല്പം ഉത്പന്നമായി, അതേ നിമിഷം തന്നെ ശക്തിശാലി സ്മൃതിയിലൂടെ സങ്കല്പത്തിലൂടെ പുതിയ ജീവിതം, പുതിയ ലോകം ലഭിച്ചു. സദാ കാലത്തേക്ക്- എന്റെ ബാബ, എന്ന സ്മൃതി സ്വരൂപത്തിൽ സ്ഥിതി ചെയ്തു. സ്മൃതി സ്വരൂപരായി അതിനാൽ സ്മൃതിയുടെ റിട്ടേണായി(പകരം) സമർത്ഥ സ്വരൂപരായി മാറി. സമർത്ഥ സ്വരൂപരായില്ലേ, ശക്തിഹീനരല്ലല്ലോ? ആര് എത്രത്തോളം സ്മൃതിയിലിരിക്കുന്നുവൊ, അത്രയും ശക്തികളുടെ അധികാരം സ്വതവേ പ്രാപ്തമാകുന്നു. സ്മൃതിയുള്ളയിടത്ത് സ്വതവേ ശക്തിയും ഉണ്ടാകും. ലേശമെങ്കിലും വിസ്മൃതിയുണ്ടെങ്കിൽ വ്യർത്ഥമാണ് ഉള്ളത്. വ്യർത്ഥ സങ്കല്പമായിക്കോട്ടെ, വ്യർത്ഥമായ വാക്കുകളാകട്ടെ, കർമ്മമാകട്ടെ, അതിനാൽ ബാപ്ദാദ സർവ്വ കുട്ടികളെയും ഇതേ ദൃഷ്ടിയിലാണ് കാണുന്നത്- ഓരോ കുട്ടിയും സ്മൃതി സ്വരൂപർ തന്നെ സമർത്ഥ സ്വരൂപരുരാണ്. ഇന്ന് വരെയും തന്റെ സ്മരണ ഭക്തരിലൂടെ കേട്ടു കൊണ്ടിരിക്കുന്നു. നിങ്ങൾ തന്റെ സ്മൃതിയിൽ കൊണ്ടു വന്നു- എന്റെ ബാബ എന്ന്, അപ്പോൾ ഭക്താത്മാക്കളും ഇത് തന്നെ നിങ്ങളെ പ്രതി സ്മരിക്കുന്നു- എന്റെ ഇഷ്ട ദേവൻ അഥവാ ദേവി എന്ന്. ഏതു പോലെ നിങ്ങൾ വളരെ സ്നേഹത്തോടെ, ഹൃദയം കൊണ്ട് ബാബയെ ഓർമ്മിച്ചു, അത്രയും ഭക്താത്മാക്കൾ നിങ്ങൾ ഇഷ്ട ആത്മാക്കളെ ഹൃദയത്തിൽ നിന്നും വളരെ സ്നേഹത്തോടെ ഓർമ്മിക്കുന്നു. നിങ്ങൾ ബ്രാഹ്മണാത്മാക്കളിലും ചിലർ ഹൃദയത്തിന്റെ സ്നേഹത്തിന്റെ സംബന്ധത്തിലൂടെ ഓർമ്മിക്കുന്നു, ചിലർ ബുദ്ധിയിലൂടെ ജ്ഞാനത്തിന്റെ ആധാരത്തിൽ സംബന്ധത്തെ അനുഭവം ചെയ്യുന്നതിന് അടിക്കടി പ്രയത്നിക്കുന്നു. ഹൃദയത്തിൽ നിന്നുള്ള സ്നേഹം, സംബന്ധം വളരെ പ്രിയപ്പെട്ടത് അർത്ഥം വളരെ സമീപത്താണ് എങ്കിൽ അവിടെ ഓർമ്മിക്കാതിരിക്കുവാൻ പ്രയാസമായിരിക്കും. ജ്ഞാനത്തിന്റെ ആധാരത്തിലാണ് സംബന്ധം. പക്ഷെ ഹൃദയത്തിൽ നിന്നുള്ള അളവറ്റ സ്നേഹമില്ലായെങ്കിൽ അവിടെ ഓർമ്മ ഇടയ്ക്ക് സഹജവും ഇടയ്ക്ക് പ്രയാസവുമായിരിക്കും. ശരീരത്തിൽ ഓരോ ഞരമ്പിനുള്ളിലും രക്തം അടങ്ങിയിരിക്കുന്നത് പോലെ ആത്മാവിൽ ഓരോ നിമിഷവും ഓർമ്മയും അടങ്ങിയിരിക്കുന്നു. ഇതിനെയാണ് പറയുന്നത്- ഹൃദയത്തിന്റെ സ്നേഹം നിറഞ്ഞ നിരന്തരമായ ഓർമ്മ. ഭക്താത്മാക്കൾ ബാബയെ കുറിച്ച് പറയുന്നു- എവിടെ നോക്കിയാലും നീ തന്നെ നീയെന്ന്. അതേപോലെ ബാബയുടെ സ്നേഹി സമാനരായ ആത്മാക്കളെ ആരെ കണ്ടാലും അനുഭവപ്പെടണം- ഇവരുടെ ദൃഷ്ടിയിൽ, വാക്കുകളിൽ, കർമ്മത്തിൽ പരമാത്മാ ബാബ തന്നെയാണ് അനുഭവപ്പെടുന്നത്. അവരെയാണ് സ്നേഹി അഥവാ ബാബയ്ക്ക് സമാനമായവർ എന്ന് പറയുന്നത്. അതിനാൽ സർവ്വരും സ്മൃതി സ്വരൂപരാണ്, സർവ്വർക്കും സംബന്ധവുമുണ്ട്. അധികാരവും സർവ്വർക്കുമുണ്ട് എന്തുകൊണ്ടെന്നാൽ സർവ്വരുടെയും ഫുൾ അധികാരത്തിന്റെ സംബന്ധം ബാബയും കുട്ടികളുടേതുമാണ്. സർവ്വരും പറയുന്നു- എന്റെ ബാബ എന്ന്. എന്റെ ഇളയച്ഛൻ, എന്റെ അമ്മാവൻ എന്ന് പറയാറില്ല. അധികാരത്തിന്റെ സംബന്ധമായത് കാരണം സർവ്വ പ്രാപ്തികളുടെ സമ്പത്തിന്റെ അധികാരികളാണ്. 50 വർഷങ്ങളായവരാകട്ടെ, 6 മാസമായവരാകട്ടെ, എന്റെ എന്ന് പറഞ്ഞതിലൂടെ അധികാരികളായി. എന്നാൽ വ്യത്യാസമെന്താണ്. ബാബ സർവ്വർക്കും അധികാരം സമാനമായാണ് നല്കുന്നത്- കാരണം അളവറ്റ സമ്പത്ത് നല്കുന്ന ദാതാവാണ്. ലക്ഷ കണക്കിന് ആത്മാക്കൾ മാത്രമല്ല സർവ്വാത്മാക്കളും അധികാരിയായി, അതിനേക്കാൾ അളവറ്റ ഖജനാവ് ബാബയുടെയടുത്തുണ്ട്. അപ്പോൾ എന്തിന് കുറച്ച് നല്കണം? അതിനാൽ ദാതാവ് സർവ്വർക്കും സമാനമായാണ് നല്കുന്നത് എന്നാൽ

എടുക്കുന്നതിലാണ് വ്യത്യാസം ഉണ്ടാകുന്നത്. ചിലർ പ്രാപ്തികളുടെ സമ്പത്തിനെ അഥവാ ഖജനാക്കളെ സമയത്തിനനുസരിച്ച് സ്വയത്തെ പ്രതി അഥവാ സേവനത്തിനായി കാര്യത്തിലുപയോഗിച്ച് അതിന്റെ ലാഭം അനുഭവിക്കുന്നു അതിനാൽ ബാബയുടെ ഖജനാവ് തന്റെ ഖജനാവാക്കി മാറ്റുന്നു അർത്ഥം സ്വയത്തിൽ ഉൾക്കൊള്ളുന്നു. അതിനാൽ ഓരോ ഖജനാവിനെയും ഉപയോഗിക്കുന്നതിനുള്ള അനുഭവത്തിലൂടെ സന്തോഷത്തിലും ലഹരിയിലുമിരിക്കുന്നു. ശുദ്ധമായ ലഹരിയാണ്, വിപരീതമായുള്ളതല്ല. രണ്ടാമത്തേത്– ഖജനാവ് ലഭിച്ചിരിക്കുന്നു എന്ന സന്തോഷത്തിലിരിക്കുന്നു, എന്റേതാണ് എന്ന്. പക്ഷെ  കേവലം എന്റേത് മാത്രമാണ്, അതിനെ കാര്യത്തിൽ ഉപയോഗിക്കുന്നില്ല. തന്റെ സ്റ്റോക്കിലുള്ള ഏതൊരു അമൂല്യമായ വസ്തുവിനെയും കേവലം തന്റെ സ്റ്റോക്കിൽ വയ്ക്കുന്നതും അതിനെ ഉപയോഗിക്കുന്നതും തമ്മിൽ അനുഭവത്തിൽ വ്യത്യാസമുണ്ട്. എത്രത്തോളം കാര്യത്തിൽ ഉപയോഗിക്കുന്നുവൊ അത്രയും ശക്തി വർദ്ധിക്കുന്നു, അവർ സദാ ചെയ്യുന്നില്ല, ഇടയ്ക്കിടയ്ക്ക് ചെയ്യുന്നു, അതിനാൽ സദാ ചെയ്യുന്നവരിലും ഇടയ്ക്കിടയ്ക്ക് ചെയ്യുന്നവരിലും വ്യത്യാസമുണ്ടാകുന്നു. കാര്യത്തിൽ ഉപയോഗിക്കുന്നതിനുള്ള വിധിയെ പ്രയോഗിക്കുന്നില്ല. അതിനാൽ ദാതാവ് വ്യത്യാസം കാണിക്കുന്നില്ല പക്ഷെ എടുക്കുന്നതിലാണ് വ്യത്യാസം വരുന്നത്. നിങ്ങളെല്ലാവരും ആരാണ്? കാര്യത്തിൽ ഉപയോഗിക്കുന്നവരാണോ അതോ കേവലം സമ്പാദ്യം കണ്ട് സന്തോഷിക്കുന്നവരാണോ? ആദ്യത്തെ നമ്പറിൽ വരുന്നവരാണോ അതോ രണ്ടാമത്തേതിലാണോ?

ബാപ്ദാദായ്ക്ക് സന്തോഷമുണ്ട്– സർവ്വരും നമ്പർവൺ ആണോ അതോ ഈ സമയത്ത് സമ്പർവൺ ആണോ? ബാപ്ദാദ സദാ പറയുന്നു, സദാ കുട്ടികളുടെ വായിൽ ഗുലാബ് ജാമൂൻ. എന്ത് പറഞ്ഞു അത് ചെയ്തു അർത്ഥം വായിൽ സദാ ഗുലാബ് ജാമൂൻ. ലോകത്തിലുള്ളവർ പറയുന്നു– വായിൽ റോസാ പൂവെന്ന്. പക്ഷെ റോസാപൂവിലൂടെ  വായ മധുരിക്കില്ല, അതിനാൽ വായിൽ ഗുലാബ് ജാമൂൻ ആയിരിക്കണം എങ്കിൽ സദാ ഇങ്ങനെ പുഞ്ചിരിച്ചു കൊണ്ടിരിക്കും. ശരി.

പല പുതിയ പുതിയ കുട്ടികൾ വീണ്ടും മിലനമാഘോഷിക്കുവാൻ എത്തിയിരിക്കുന്നു. ഈ കല്പത്തിൽ വീണ്ടും മിലനം ചെയ്യാൻ എത്തിയിരിക്കുന്ന കുട്ടികൾക്ക് വിശേഷിച്ച് ബാപ്ദാദ സ്നേഹത്തിന്റെ വരദാനം നല്കുന്നു– സദാ തന്റെ മസ്തകത്തിൽ ബാബയുടെ കൈ അനുഭവം ചെയ്യൂ. ആരുടെ ശിരസ്സിലാണോ ബാബയുടെ കൈയ്യുള്ളത്, അവർ സദാ ഈ വരദാനത്തിന്റെ അനുഭൂതിയിലൂടെ  സർവ്വ കാര്യങ്ങളിലും സുരക്ഷിതരായിരിക്കും. ഈ വരദാനത്തിന്റെ കൈ ഓരോ കാര്യത്തിലും നിങ്ങളുടെ സുരക്ഷയുടെ സാധനമാണ്. ഏറ്റവും വലുതിലും വച്ച് വലിയ സുരക്ഷയിതാണ്.

ബാപ്ദാദ സർവ്വ ടീച്ചേഴ്സിന്റെ നിമിത്തമാകുന്നതിനുള്ള ധൈര്യം കണ്ട് സന്തോഷിക്കുന്നു. ധൈര്യം വച്ച് നിമിത്തമായി മാറിയില്ലേ. നിമിത്തമായ ടീച്ചറാകുക അർത്ഥം പരിധിയില്ലാത്ത സ്റ്റേജിൽ ഹീറോ പാർട്ടഭിനയിക്കുക. ഏതു പോലെ പരിധിയുള്ള സ്റ്റേജിൽ ഹീറോ പാർട്ടധാരി ആത്മാവിന്റെ നേർക്ക് സർവ്വരുടെയും ശ്രദ്ധ വിശേഷിച്ച് പോകുന്നുവോ, അതേപോലെ ഏത് ആത്മാക്കൾക്ക് നിമിത്തമാകുന്നുവൊ പ്രതേകിച്ച് ഇവരും മറ്റെല്ലാ ആത്മാക്കളും, നിങ്ങൾ നിമിത്തമായ ടീച്ചേഴ്സിനെ അതേ ദൃഷ്ടിയിലൂടെ കാണുന്നു. സർവ്വരുടെയും വിശേഷ ശ്രദ്ധയുണ്ടാകുന്നില്ലേ. അതിനാൽ ടീച്ചേഴ്സ് സ്വയത്തിലും വിശേഷ ശ്രദ്ധ വയ്ക്കണം കാരണം സേവനത്തിൽ ഹീറോ പാർട്ടധാരിയാകുക അർത്ഥം ഹീറോയാകുക.  ആശീർവാദവും ടീച്ചേഴ്സിന് കൂടുതൽ ലഭിക്കുന്നു. എത്രത്തോളം ആശീർവാദം ലഭിക്കുന്നുവൊ അത്രത്തോളം സ്വയത്തിൽ ശ്രദ്ധിക്കേണ്ടതും ആവശ്യമാണ്. ഇതും ഡ്രാമയനുസരിച്ചുള്ള വിശേഷ ഭാഗ്യമാണ്. അതിനാൽ സദാ പ്രാപ്തമായിട്ടുള്ള ഭാഗ്യത്തെ വർദ്ധിപ്പിക്കൂ. നൂറിൽ നിന്നും ആയിരം, ആയിരത്തിൽ നിന്നും ലക്ഷം, ലക്ഷത്തിൽ നിന്നും കോടി, കോടിയിൽ നിന്നും കോടിമടങ്ങ്, സദാ ഈ ഭാഗ്യത്തെ വർദ്ധിപ്പിക്കൂ. അങ്ങനെയുള്ളവരെയാണ് യോഗ്യതയുള്ള ടീച്ചർ എന്ന് പറയുന്നത്. ബാപ്ദാദ നിമിത്തമായ കുട്ടികളെ തീർച്ചയായും സ്മരിക്കുന്നുണ്ട്, സദാ അമൃതവേളയിൽ ആഹാ കുട്ടികളെ ആഹാ... ഈ ആശീർവാദങ്ങൾ നല്കുന്നു.   സേവാധാരികൾ കേട്ടോ. ടീച്ചർ അർത്ഥം നമ്പർവൺ സേവാധാരി. ശരി.

നാനാ ഭാഗത്തുമുള്ള അനേക കല്പം സ്നേഹി നിർമ്മോഹിയായി മിലനം ആഘോഷിക്കുന്ന, സദാ പ്രാപ്തമായ സമ്പത്തിന്റെ ഖജനാക്കളെ സദാ  സമയത്തിനനുസരിച്ച്  കാര്യത്തിലുപയോഗിക്കുന്ന, സദാ ഹൃദയം കൊണ്ട് അതി സ്നേഹി, ബാബയ്ക്ക് സാമനമായി സ്വയത്തിലൂടെ ബാബയുടെ അനുഭവം ചെയ്യിക്കുന്ന, സദാ സ്മൃതി സ്വരൂപർ തന്നെ ഭക്തരിലൂടെ സമർത്ഥ സ്വരൂപരാകുന്ന, സദാ തന്റെ പ്രാപ്തമായ ഭാഗ്യത്തെ മറ്റുള്ളവർക്ക് നല്കുന്ന അർത്ഥം വർദ്ധിപ്പിക്കുന്ന– അങ്ങനെയുള്ള മാസ്റ്റർ ദാതാവ് സമർത്ഥരായ കുട്ടികൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

ഡബിൾ വിദേശി സഹോദരീ സഹോദരൻമാരുടെ ഗ്രൂപ്പുമായുള്ള സംഭാഷണം..

1). സർവ്വരും സ്വയത്തെ വളരെ വളരെ ഭാഗ്യവാനാണെന്ന് മനസ്സിലാക്കുന്നുണ്ടോ? കാരണം ഇങ്ങനെ

യുള്ള ശ്രേഷ്ഠാത്മാക്കളാകും എന്നത് സ്വപ്നത്തിൽ പോലും സങ്കല്പം ഉണ്ടായിരുന്നില്ല, എന്നാൽ ഇപ്പോൾ സാകാരത്തിലായി തീർന്നു. നോക്കൂ, എവിടെ നിന്നൊക്കെയാണ് ബാപ്ദാദ രത്നങ്ങളെ തിരഞ്ഞെടുത്ത്, രത്നങ്ങളുടെ മാലയുണ്ടാക്കുന്നത്. ബ്രാഹ്മണ പരിവാരത്തിന്റെ മാലയിൽ കോർക്കപ്പെട്ടു. ഇടയ്ക്ക് മാല യിൽ നിന്നും പുറത്തേക്ക് പോകുന്നില്ലല്ലോ? ഏതൊരു മാലയുടെയും വിശേഷതയും സൗന്ദര്യവും എന്താണ്? ഒരു മുത്ത് അടുത്ത മുത്തുമായി ചേർന്നിരിക്കണം. ഇടയിൽ നൂല് കാണപ്പെട്ടുവെങ്കിൽ , മുത്ത് മുത്തിനോടേ് ചേർന്നില്ലായെങ്കിൽ സുന്ദരമായി കാണപ്പെടില്ല. അതിനാൽ നിങ്ങൾ ബ്രാഹ്മണ പരിവാര ത്തിലെ മാലയിലാണ് അർത്ഥം സർവ്വ ബ്രാഹ്മണാത്മാക്കളുടെയും സമീപത്തായി. ഏതു പോലെ ബാബ യുടെ സമീപത്താണ്, അതേപോലെ ബാബയോടൊപ്പം പരിവാരത്തിന്റെയും സമീപത്താകണം കാരണം ഈ പരിവാരവും പരിചയത്തിലൂടെ, തിരിച്ചറിവിലൂടെ ഇപ്പോഴാണ് ലഭിക്കുന്നത്. പരിവാരത്തിൽ ആനന്ദം അനുഭവപ്പെടുന്നില്ലേ? അതോ ബാബയുടെ ഓർമ്മയിൽ മാത്രമാണോ അനുഭവപ്പെടുന്നത്... പരിവാരവു മായി യോഗം വയ്ക്കരുത് എന്നാൽ പരസ്പരം സമീപത്തായിരിക്കണം. ഇത്രയും വലിയ രണ്ടര ലക്ഷ ത്തിന്റെ പരിവാരം മറ്റെവിടെയെങ്കിലും ഉണ്ടാകുമോ? ( ഇപ്പോൾ 9-10 ലക്ഷത്തിനേക്കാൾ വലിയ പരിവാ രമാണ്) അതിനാൽ പരിവാരം നല്ലതായി അനുഭവപ്പെടുന്നില്ലേ അതോ കേവലം ബാബ നല്ലതാണോ? ആർക്കാണോ ബാബ മാത്രം നല്ലത് അവർക്ക് പരിവാരത്തിൽ വരാൻ സാധിക്കില്ല. ബാപ്ദാദ പരിവാ രത്തെ കണ്ട് സദാ ഹർഷിതമാകുന്നു, സദാ ഓരോരുത്തരുടെയും വിശേഷതകളെ കണ്ട് ഹർഷിതമാ കുന്നു. ഓരോ ബ്രാഹ്മണാത്മാവിനെ പ്രതി ഇതേ സങ്കല്പമാണ്- ആഹാ ബ്രാഹ്മണാത്മാവ്- ആഹാ...നോ ക്കൂ, ബാബയ്ക്ക് കുട്ടികളോട് അത്രയും സ്നേഹമുള്ളത് കൊണ്ടല്ലേ വരുന്നത്, ഇല്ലായെങ്കിൽ മുകളിൽ ഇരുന്ന് മിലനം ചെയ്യാമായിരുന്നു. കേവലം മുകളിൽ ഇരുന്നല്ല മിലനം ചെയ്യുന്നത്. നിങ്ങൾ വിദേശത്ത് നിന്ന് വരുന്നു, ബാപ്ദാദായും വിദേശത്ത് നിന്നാണ് വരുന്നത്. ഏറ്റവും ദൂരെ ദൂരെ നിന്ന് വരുന്നു എന്നാൽ എത്തുന്നത് സെക്കന്റിലാണ്. നിങ്ങളും സെക്കന്റിൽ പറക്കുന്ന കലയുടെ അനുഭവം ചെയ്യുന്നില്ലേ? സെക്കന്റിൽ പറക്കാൻ സാധിക്കുമോ? അത്രയും ഡബിൾ ലൈറ്റാകണം, സങ്കല്പിച്ചു, എത്തി ചേർന്നു. പരംധാമം എന്ന് പറഞ്ഞു, എത്തി ചേർന്നു, അങ്ങനെ പ്രാക്ടിക്കലാണോ? എവിടെയും കുടുങ്ങുന്നി ല്ലല്ലോ? ഇടയക്ക് മേഘങ്ങളൊന്നും ശല്യപ്പെടുത്തുന്നില്ലല്ലോ? ശ്രദ്ധയുള്ളവരുമാകണം, വ്യക്തമായ ബോധമുള്ളവരുമായിരിക്കണം. അങ്ങനെയല്ലേ

ഡബിൾ വിദേശി കുട്ടികൾക്ക് വരുമ്പോൾ തന്നെ സെന്റർ ലഭിക്കുന്നു. വളരെ പെട്ടെന്ന് തന്നെ ടീച്ചറായി തീരുന്നു. അതിനാൽ സേവനത്തിന്റെയും ആശീർവാദം ലഭിക്കുന്നു. ആശീർവാദം ലഭിക്കുന്നതിന്റെ വിശേഷ ലിഫ്റ്റ് ലഭിക്കുന്നു, അതോടൊപ്പം വരുമ്പോൾ തന്നെ അത്രയും ബിസിയായി മാറുന്നു, മറ്റ് കാര്യങ്ങൾക്ക് സമയം ലഭിക്കുന്നില്ല, അതിനാൽ ബിസിയായിട്ടിരിക്കുമ്പോൾ ഭയപ്പെടരുത്, ഇത് നല്ല ലക്ഷണമാണ്. ചിലർ പറയാറില്ലേ- ലൗകീക കാര്യങ്ങളും ചെയ്യണം, അലൗകീക സേവനവും ചെയ്യണം, തന്റെ സേവനവും ചെയ്യണം- വളരെ ബിസിയായിരിക്കുന്നുവെന്ന്. എന്നാൽ ബിസിയായിട്ടിരിക്കുക അർത്ഥം മായാജീത്താ കുക. ഇതാണോ നല്ലത് അതോ ലൗകീക ജോലിയാണോ നല്ലത്? ലൗകീക ജോലിയിലെ സമ്പാദ്യം എന്ത് ചെയ്യുന്നു? സമയത്തെ അർപ്പിക്കുന്നത് പോലെ ധനവും അർപ്പിക്കാറില്ലേ. അതിനാൽ ശരീരം, മനസ്സ്, ധനം മൂന്നും സമർപ്പിക്കുന്നു. സഫലമാകുന്നില്ലേ, അതിനാൽ ക്ഷീണിക്കരുത്. സെന്റർ തുറക്കുമ്പോൾ എത്രയോ ആത്മാക്കൾക്ക് സന്ദേശം ലഭിക്കുമ്പോൾ തന്നെ മംഗളമുണ്ടാകുന്നു. അതിനാൽ മനസ്സിനും ധനത്തിനും ബന്ധമുണ്ട്, ധനമുള്ളയിടത്ത് മനസ്സും ഉണ്ടാകും. ബാപ്ദാദ ഡബിൾ വിദേശികൾക്ക് സർവ്വ പ്രകാരത്തിലൂടെ സഫലമാക്കുന്നതിൽ ബിസിയായി കണ്ട് സന്തോഷിക്കുന്നു. സർവ്വരും ഗോൾഡൻ ചാൻസ ലറാണ്. സദാ ഓർമ്മിക്കണം- സഫലതാ മൂർത്തിയാണ്- സദാ സഫലത എന്റെ കഴുത്തിലെ മാലയാണ്. ഏതൊരു കാര്യം ചെയ്യുമ്പോഴും ആദ്യം ഇത് ചിന്തിക്കൂ- സഫലത എന്റെ കഴുത്തിലെ മാലയാണ്. നിശ്ച യത്തിനനുസരിച്ച് പ്രത്യക്ഷ ഫലം ലഭിക്കും. ശരി.

2) ഈ സ്വീറ്റ് സയലൻസ് ഇഷ്ടപ്പെടുന്നില്ലേ? കാരണം ആത്മാവിന്റെ യഥാർത്ഥമായ സ്വരൂപം തന്നെ സ്വീറ്റ് സയലൻസാണ്(മധുരമായ ശാന്തി). അതിനാൽ ആഗ്രഹിക്കുന്ന സമയത്ത് സ്വീറ്റ് സയലൻസിന്റെ സ്ഥിതിയുടെ അനുഭവം ചെയ്യാൻ സാധിക്കില്ലേ? കാരണം ആത്മാവ് ഇപ്പോൾ ഈ ബന്ധനങ്ങളിൽ നിന്നും മുക്തമായി അതിനാൽ ആഗ്രഹിക്കുന്ന സമയത്ത് തന്റെ സ്വതസിദ്ധമായ സ്ഥിതിയിൽ സ്ഥിതി ചെയ്യാൻ സാധിക്കണം. അപ്പോൾ ബന്ധനമുക്തരായോ അതോ ആകണോ? ഈ പ്രാവശ്യം മധുബനിൽ രണ്ട് വാക്ക് ഉപേക്ഷിച്ച് പോകണം- സമ്ഥിംഗ്(ഒരംശം), സമ്വാട്ട്(ഏതാനും). ഇത് ഇഷ്ടമല്ലേ? സർവ്വരും ഉപേക്ഷിക്കുമോ? ധൈര്യം വയ്ക്കുന്നതിലൂടെ സഹയോഗം ലഭിക്കും കാരണം ഇതറിയാം 63 ജന്മം അനേക ബന്ധനങ്ങളിലായിരുന്നു, ഈ ഒരു ജന്മം സ്വതന്ത്രമാകുന്നതിനുള്ളതാണ്, ഇതിന്റെ തന്നെ ഫല മായി അനേക ജന്മം ജീവൻമുക്തി പ്രാപ്തമാക്കും. അതിനാൽ ഇവിടെയാണ് അടിത്തറ പാകേണ്ടത്. അടി

ത്തറ അത്രയും പക്കാ ആകുമ്പോഴാണ് 21ജന്മം നിലനിൽക്കുന്നത്. എത്രത്തോളം സ്വയത്തിൽ നിശ്ചയം ഉണ്ടോ അത്രയും ലഹരിയുണ്ടായിരിക്കും. ബാബയിലും നിശ്ചയം, സ്വയത്തിലും നിശ്ചയം, പിന്നെ ഡ്രാമ യിലും നിശ്ചയം. മൂന്ന് നിശ്ചയത്തിലും പാസാകണം. ശരി– ഓരോ രത്നത്തിനും അതിന്റേതായ വിശേഷ തയുണ്ട്. ബാപ്ദാദ സർവ്വരുടെയും വിശേഷതകളെ അറിയുന്നുണ്ട്. ഇനി മുന്നോട്ട് പോകുന്തോറും തന്റെ വിശേഷതയെ കൂടുതൽ കാര്യത്തിൽ ഉപയോഗിക്കൂ അപ്പോൾ വിശേഷത വർദ്ധിക്കും. ലോകത്തിൽ ധനം ചിലവാക്കുന്തോറും കുറയുന്നു എന്നാൽ ഇവിടെ എത്രത്തോളം ധനത്തെ ഉപയോഗിക്കുന്നുവൊ ചിലവഴിക്കുന്നുവൊ അത്രയും വർദ്ധിക്കുന്നു. സർവ്വരും അനുഭവികളല്ലേ. അതിനാൽ ഈ വർഷത്തെ ഈ വരദാനം ഓർമ്മിക്കണം– ഞാൻ വിശേഷ ആത്മാവാണ്, വിശേഷതകളെ കാര്യത്തിൽ കൊണ്ടു വന്ന് കൂടുതൽ വർദ്ധിപ്പിക്കും. ഏതു പോലെ ഇവിടെ സമീപത്തിരിക്കാൻ ഇഷ്ടമാണോ അതേപോലെ അവി ടെയും സദാ സമീപത്തിരിക്കണം. ബാപ്ദാദ സദാ ഓരോരുത്തരെയും ഇതേ ശ്രേഷ്ഠമായ ദൃഷ്ടിയി ലൂടെ കാണുന്നു– ഓരോ കുട്ടിയും യോഗിയുമാണ് യോഗ്യതയുള്ളവരുമാണ്. ശരി.

## വരദാനം– മറ്റുള്ളവരുടെ പരിവർത്തനത്തിന്റെ ചിന്തയെ ഉപേക്ഷിച്ച് സ്വയത്തിന്റെ പരി വർത്തനം ചെയ്യുന്ന ശുഭ ചിന്തകരായി ഭവിക്കട്ടെ.

സ്വപരിവർത്തനം ചെയ്യുക തന്നെയാണ് ശുഭ ചിന്തകരാകുക. സ്വയത്തെ മറന്ന് മറ്റുള്ളവരുടെ പരിവർത്ത നത്തെ കുറിച്ച് ചിന്തിക്കുന്നുവെങ്കിൽ ഇത് ശുഭ ചിന്തനമല്ല. ആദ്യം സ്വയം പിന്നെ സ്വയത്തിനോടൊപ്പം സർവ്വരും. സ്വപരിവർത്തനം ചെയ്യാതെ, മറ്റുള്ളവരുടെ ശുഭ ചിന്തകരാകുന്നുവെങ്കിൽ സഫലത ലഭ്യമാകി ല്ല. അതിനാൽ സ്വയത്തെ നിയമമനുസരിച്ച് നടത്തിച്ച് സ്വയത്തെ പരിവർത്തനപ്പടുത്തൂ, ഇതിൽ തന്നെ യാണ് നേട്ടമുള്ളത്. പുറമേ നേട്ടങ്ങളൊന്നും കാണപ്പെടുന്നില്ലായെങ്കിലും ഉള്ളിൽ ഭാരരഹിതമായ സ്ഥിതിയും സന്തോഷവും അനുഭവപ്പെടുന്നു.

## സ്ലോഗൻ– സേവനത്തിന്റെ ഉത്സാഹം സദാ ഉണ്ടെങ്കിൽ ചെറിയ ചെറിയ രോഗങ്ങൾ അപ്രത്യക്ഷമാകും